Official Monthly Bulletin April 2024


# MARIAN




## St. Mary's Indian Orthodox Cathedral

P.O.Box 834, Manama, Kingdom of Bahrain Tel: 17252980 Fax: 17276092

E-mail: info@stmarybahrain.com Website: www.stmarybahrain.com



**അഭി. ഗീവർഗ്ഗീസ് മാർ കൂറിലോസ്**
(ഇടവക മെത്രാപ്പോലീത്ത)

ത്രീയേക ദൈവത്തിന് സ്തുതി

ബഹുമാനപെട്ട വൈദീക ശ്രേഷ്ഠരെ, മാനേജിങ് കമ്മറ്റി അംഗങ്ങളെ, ഇടവക ജനങ്ങളെ ഏവർക്കും ഈസ്റ്ററിന്റെ ഹൃദയംഗമമായ ആശംസകൾ. തളർച്ചയും, വിളർച്ചയും, തകർച്ചയും നേരിടുന്ന ഈ ലോകത്തിൽ ഉയിർപ്പിന്റെ മഹത്വരമായിട്ടുള്ള സാധ്യത അതിന്റെ പൂർണരൂപത്തിൽ വിളിച്ചറിയിക്കുന്ന ഈസ്റ്റർ, അതിർത്തിയില്ലാത്ത കൃപയുടെ, നൽവരങ്ങളുടെ സമാഹാരമാണ്.

ഭൗതീക ലോകത്തിൽ നിരാശയും, വേദനയും തളർച്ചയും ഭിന്നതയും അകൽച്ചയും പൈശാചികതയും അന്ധകാരവും മരണതുല്യമായ ചുറ്റുപാടുകളും നമ്മെ കാർന്നുതിന്നുമ്പോൾ ജീവനുള്ള ദൈവത്തിന്റെ ദിവ്യ സാന്നിധ്യം അനുഭവിപ്പാനും യാതനകളും വേദനകളും അനുഭവിച്ച് സൃഷ്ടിയെ മുഴുവനും വീണ്ടെടുപ്പിന്റെ മഹത്തരമായ അനുഭവത്തിൽ നടപടിയായിട്ട് വേർതിരിക്കുന്ന കാൽവറിയിലെ യാഗവും മരണത്തെ അതിജീവിക്കുന്ന തന്റെ ശുശ്രൂഷയും, പാതാളത്തിലേക്ക് കടന്നുചെന്ന് അവർക്ക് പ്രത്യാശയും, ഉയിർപ്പും വാഗ്ദാനം ചെയ്യുന്ന വിശിഷ്ടമായിട്ടുള്ള സന്ദേശവും, താൻതന്നെ മരണത്തെ അതിജീവിച്ച് ഉയിത്തെഴുന്നേറ്റ് കൃപയുടെ നിറവിലേക്ക് നയിക്കുന്നതും ദിവ്യ സമാധാനത്തിന്റെ ഓഹരിക്കാരാക്കുന്നതും ആത്മാവിന്റെ ഫലം അനുഭവിപ്പാൻ അവകാശികളാകുന്നതും അങ്ങനെ പ്രത്യാശയുടെ പര്യായങ്ങളായി ഈ ലോകത്തിൽ വർത്തിക്കുന്നതുമായിട്ടുള്ള വലിയ അനുഭവത്തിന്റെ ഉടമകളായി തീരുന്നതാണ് ഈസ്റ്ററിന്റെ അടിസ്ഥാനപരമായിട്ടുള്ള ഭാവങ്ങൾ. അത് നമുക്ക് അവകാശപ്പെട്ടതായി വേർതിരിച്ചത് യാതനകളും വേദനകളും പട്ടിണിയും പ്രതികൂല സാഹചര്യങ്ങളും അതിജീവിച്ച് കാൽവറിയിലെ മഹത്വതരമായിട്ടുള്ള ത്യാഗത്തിന്റെ പൂർണ്ണതയിൽ ഗോഗുൽത്താ മലയിലേക്ക് ഭാരമേറിയ കുരിശുംപേറികൊണ്ട് തന്റെ ജീവിതത്തിൽ പാപമില്ലാത്തവൻ പാപികളായ നമുക്കുവേണ്ടി പരമയാഗമായിത്തീർന്ന രക്ഷകന്റെ തിരുബലിയാണ് നമുക്ക് ഇതിനു അവകാശമാക്കിത്തീർത്തത്.

മരണത്തിന് അവകാശമില്ലാത്തവനെ മരണത്തിന് വിധേയമാക്കുന്നതല്ല ദൈവത്തിന്റെ പദ്ധതി. മരണമുള്ളവരെ മരണത്തിന് അടിമകളായവരെ മരണത്തിൽനിന്നും സ്വതന്ത്രമാക്കുവാൻ മരണമില്ലാത്തവൻ കടന്നുവന്ന് പാപികളായ നമ്മെ രക്ഷിച്ച വലിയ സംഭവം ചരിത്രത്തെ അദ്ഭുതപ്പെടുത്തുന്നതും ശുദ്ധീകരിക്കുന്നതും പൂർണതയിലേക്ക് തിരികെ കൊണ്ടുവരുന്നതും പാപത്തിൽനിന്നും പാപത്തിന്റെ ശമ്പളമായ മരണത്തിൽ നിന്നും നമ്മെ വീണ്ടെടുക്കുന്നതുമായിട്ടുള്ള വലിയ പ്രക്രിയയാണത്. ആ സമ്പന്നത രക്ഷകനായ യേശു തന്റെ ജീവിതംകൊണ്ട് ലോകത്തിനു കൈമാറിത്തന്ന വലിയ സമ്പത്താണത്. അതിന്റെ പൂർണ്ണത ഉൾക്കൊള്ളുവാൻ രക്ഷയുടെ വലിയ അനുഭവം ഉയിർപ്പിന്റെ മഹത്തരമായിട്ടുള്ള അനുഭവങ്ങളും ഒരുമിച്ച് കൂട്ടിവായിക്കുവാനും മഗ്ദലനക്കാരി മറിയമിനെപ്പോലെ കാത്തുനിന്ന് അവിടുത്തെ കൃപയുടെ നിറവ് സ്വന്തമാക്കി താൻ ശിഷ്യന്മാരിൽ നിന്നും കേൾക്കേണ്ട സന്തോഷത്തിന്റെ പൂർണ്ണതയുടെ സന്ദേശം തന്റെ നാവിൽ നിന്നും അവരുടെ കാതുകളിൽ എത്തിക്കുവാൻ പ്രാപ്തിലഭിച്ച മഗ്ദലനക്കാരി മറിയാമിനെപ്പോലെ നാമും ക്രിസ്തുവിനോടടുക്കുകയും അവനെ കാത്ത് ജീവിതം വേർതിരിക്കുകയും ചെയ്താൽ കാരുണ്യവാൻ സൗജന്യമായി കൈ മാറുന്നതാണെന്ന് അറിഞ്ഞ് അനുഭവിച്ച് ആ സമ്പന്നതയിലേക്ക് നടന്നടുക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നതാണ്.

താല്പര്യപൂർവം ചടങ്ങുകൾ നടത്തി സംതൃപ്തി അണയുന്നതിന് പകരം കാരുണ്യവാന്റെ ദിവ്യസാന്നിധ്യം അനുഗ്രഹകരമായിട്ട് പൂർണമായി കാംക്ഷിച്ച് തികഞ്ഞ ആത്മാർത്ഥതയോടുകൂടി ദൈവസന്നിധിയിൽ അണഞ്ഞാൽ അതിർത്തിയില്ലാത്ത കൃപകൾക്ക് അവകാശികളായിത്തീരും ആ ഭാഗ്യകരമായിട്ടുള്ള അനുഭവം സ്വന്തമാക്കുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ശക്തീകരിക്കട്ടെ.

ഏവർക്കും ഹൃദയപൂർവ്വമായിട്ടുള്ള ഉയിർപ്പിന്റെ എല്ലാ അനുഗ്രഹങ്ങളും വിനയപൂർവ്വം നേരുന്നു, ഉയിർത്തെഴുന്നേറ്റവനായ ക്രിസ്തു നമുക്കും പ്രപഞ്ചത്തിനും അവകാശപ്പെട്ടതായി വേർതിരിക്കുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ ശക്തീകരിക്കട്ടെ.



**അഭി. എബ്രഹാം മാർ എപ്പിഫാനിയോസ്**
(മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്ത)

ത്രീയേക ദൈവത്തിന് മഹത്വം ഉണ്ടായിരിക്കട്ടെ

വാത്സല്യമുള്ള ബഹ്റൈൻ സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രൽ അംഗങ്ങളെ, മരണത്തിൽനിന്നും നമ്മുടെ കർത്താവായ യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റതിന്റെ ഓർമ്മയിൽ ലോകമെങ്ങുമുള്ള വിശ്വാസികൾ ഈസ്റ്റർ ആചരിച്ചിരിക്കുകയാണ്. നമ്മുടെ കർത്താവും മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റു എന്നത് നമ്മുടെ ജീവിതത്തിൽ നൽകുന്ന പ്രത്യാശ വളരെ വലുതാണ്.

നമ്മുടെയൊക്കെ ജീവിതത്തിൽ പലവിധത്തിലുള്ള പ്രശ്നങ്ങളും പ്രയാസങ്ങളും ഉണ്ടാകുമ്പോൾ മരണത്തെ ജയിച്ച ക്രിസ്തു നൽകുന്ന ധൈര്യം നമ്മെ വഴിനടത്തണം. ഉയിർപ്പിന്റെ അടയാളങ്ങളായി ജീവിക്കുക എന്നതാണ് പ്രധാനം. മഗ്ദലനക്കാരി മറിയത്തെപ്പോലെ യേശുവിന്റെ ശിഷ്യന്മാരെപ്പോലെ ലോകമെങ്ങും നമ്മുടെ കർത്താവിന്റെ സുവിശേഷം പ്രഘോഷിക്കുവാൻ നമുക്ക് ഇടയാകട്ടെ.

ഏവർക്കും ഉയിർപ്പ് പെരുന്നാളിന്റെ ആശംസകൾ നേരുന്നു.

## വി. ഗീവർഗ്ഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ

25/04/2024 വ്യാഴം

07:00 PM : സന്ധ്യാ നമസ്കാരം, പ്രദക്ഷിണം, ആശിർവാദം

26/04/2024 വെള്ളി

07:00 AM : പ്രഭാത നമസ്കാരം

08:00 AM : വി. കുർബാന, നേർച്ച

## നവതി ക്വിസ്സ് മത്സരം

ഏരിയ പ്രയർ ഗ്രൂപ്പുകൾക്കായി മെയ് അവസാന ആഴ്ചയിൽ കത്തീഡ്രലിൽ വച്ച്

### വിഷയം

* പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് തിരുമേനി
* മലങ്കര സഭാ ഭരണഘടന
* വി. വേദപുസ്തകം
* പൊതുവിജ്ഞാനം

കൂടുതൽ വിവരങ്ങൾക്ക് ഏരിയ കമ്മറ്റി അംഗങ്ങളുമായി ബന്ധപ്പെടുക



**ഫാ. സുനിൽ കുര്യൻ ബേബി**
(വികാരി)



**ഫാ. ജേക്കബ് തോമസ് കാരയ്ക്കൽ**
(സഹവികാരി)

ദൈവ തിരുനാമത്തിന് മഹത്വം ഉണ്ടാകട്ടെ !

കുരുടന് പ്രകാശവും, പൈശാചിക ബന്ധത്തിൽ അകപ്പെട്ടവർക്ക് ദിവ്യചൈതന്യവും, കുഷ്ഠരോഗിക്ക് നവ ദേഹവും ദേഹിയും, കുനിഞ്ഞു പോയവർക്ക് ഉയർച്ചയും നൽകിയ ക്രിസ്തു അധികാര വർഗ്ഗത്തിന്റെ പ്രതിയോഗിയും ആലംബഹീനരുടെ ആശാ കേന്ദ്രവുമായിരുന്നു. ലോകത്തിനു വെളിച്ചം നൽകിയ ക്രിസ്തുവിനു അധികാരവർഗ്ഗം നൽകിയത് പരിഹാസത്തിന്റെ പ്രതീകമായ കുരിശായിരുന്നു. ആ ക്രൂശിൽ നിന്നും ഇറ്റുവീണ വിയർപ്പിന്റെ ഉപ്പും, രക്തത്തിന്റെ ക്ഷാരവും ഈ ലോകത്തെ മുഴുവനും വിമലീകരിയ്ക്കുവാൻ തക്കതായിരുന്നു. അധികാരവർഗ്ഗവും പരീശരും ഈ മരണത്തിൽ ഏറെ സന്തോഷിച്ചു. അനാഥരും, ആലംബഹീനരും ഈ ദു:ഖം വഹിക്കുവാനാകാതെ കണ്ണുനീരിലാണ്ടുപോയി.

ചാട്ടവാറടി ഏറ്റുവാങ്ങിയ പുണ്ണ്യദേഹവും, ആണികളാൽ തുളക്കപെട്ട കൈകാലുകളും, കുന്തത്താൽ തുറക്കപ്പെട്ട വിലാപവും, മുൾക്കിരീടം കുത്തി ഇറക്കപെട്ട ശിരസും, മൂന്നാം ദിവസം തേജസ്സോടെ ഉത്ഥാനം ചെയ്ത് കണ്ണുനീരിലും വേദനയിലും അമർന്നവർക്കായിട്ടായിരുന്നു. ഈ പ്രത്യാശ നമ്മെയും ബലപ്പെടുത്തട്ടെ.

ഭൂമിയിലെ വാഴ്വുകൾ ഒന്നും ശാശ്വതമല്ല എന്ന് നമ്മെ ബോധ്യപ്പെടുത്തുന്ന ഓശാനയും, പങ്കിടലിന്റെ പാഠം ഉൾകൊണ്ട പെസഹായും, മുറിപ്പാടുകൾ എല്ലാം കൃപയാൽ മായ്ക്കപ്പെടുന്നവയാണെന്നു ബോധ്യപ്പെടുത്തുന്ന ഉത്ഥാനവും നമ്മുടെ ജീവിത പരിസരങ്ങളെ സ്വർഗ്ഗീയമാക്കി തീർക്കട്ടെ എന്ന പ്രാർത്ഥനയോടെ ഏവർക്കും അനുഗ്രഹപ്രദമായ ഈസ്റ്റർ ആശംസകൾ നേരുന്നു.

## Message from Trustee & Secretary



**റോയി ബേബി**
(കത്തീഡ്രൽ ട്രസ്റ്റി)



**മാത്യു എം. എം**
(കത്തീഡ്രൽ സെക്രട്ടറി)

യേശുക്രിസ്തുവിന്റെ പുനരുധാനത്തിലുള്ള വിശ്വാസമാണ് സഭയുടെ അടിസ്ഥാനം. പുതിയ നിയമവും അപ്പോസ്തോലന്മാരും പ്രഘോഷിക്കുന്നതും ഇതുതന്നെയാണ്. 'ക്രിസ്തു ഉയിർത്തെഴുന്നേറ്റില്ല എങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം' (1 കോരി 15:14).

അനുഗ്രഹപ്രദമായ വലിയനോമ്പിലൂടെ ഉപവാസത്തിന്റെയും നോമ്പിന്റെയും ആത്മ തപനത്തിന്റെയും ശുദ്ധീകരണ നാളുകളിലൂടെ പുതുക്കം പ്രാപിച്ചവരായ നാം ക്രിസ്തുവിന്റെ പുനരുത്ഥാനം മൂലം ലഭിച്ച പ്രത്യാശ നൽകുന്ന ഈസ്റ്റർ ദിനങ്ങളിലൂടെ കടന്നുപോയിരിക്കുകയാണ്. ഏവർക്കും അനുഗ്രഹപൂർണമായ ഈസ്റ്റർ ആശംസകൾ നേരുന്നു.

മാർച്ച് അഞ്ചിന് പാതിനോമ്പ് ശുശ്രൂഷകൾ ഭംഗിയായി നടത്തപ്പെട്ടു. അഭിവന്ദ്യരായ മൂന്നു മെത്രാപ്പോലീത്താമാരുടെ സന്ദർശനങ്ങൾ നമ്മുടെ ഇടവകയ്ക്ക് ആത്മീയ സന്തോഷം അനുഭവിക്കുവാൻ ഇടയായി. മാർച്ച് പത്തിന് നാട്ടിലേക്കുള്ള യാത്രാ മദ്ധ്യേ ലഭിച്ച അവസരത്തിൽ അടൂർ കടമ്പനാട് ഭദ്രാസനാധിപൻ അഭി. ഡോ. സഖറിയാസ് മാർ അപ്രേം തിരുമേനി ഇടവക സന്ദർശിക്കുകയുണ്ടായി. മാർച്ച് പതിനൊന്ന് മുതൽ ഇരുപത് വരെ ഇടവകമെത്രാപ്പോലീത്ത അഭി. ഗീവർഗ്ഗീസ് മാർ കൂറിലോസ് തിരുമേനിയുടെ ഇടയസന്ദർശനം ഇടവകയ്ക്ക് അനുഗ്രഹത്തിന്റെയും ആത്മീയ സന്തോഷത്തിന്റെയും നാളുകൾ ആയിരുന്നു. വിവിധങ്ങളായ പൊതുപരിപാടികളിലും, ഔദ്യോഗിക സന്ദരശ്നങ്ങളിലും അഭിവന്ദ്യ തിരുമേനി പങ്കെടുത്തു.

ഇടവകയുടെ കാതോലിക്കാ ദിനാഘോഷം മാർച്ച് പതിനഞ്ചാം തിയതി സമുചിതമായി ആഘോ ഷിക്കുവാനും, സഭയോടും സത്യവിശ്വാസത്തോടുമുള്ള ഭക്തിയും കൂറും ആവർത്തിച്ച് ഉറപ്പിച്ച് പ്രഖ്യാപിക്കുവാനും സാധിച്ചു. ഒരുവർഷം നീണ്ടുനിൽക്കുന്ന പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ തൊണ്ണൂറാമത് ഓർമ്മയുടെയും, സഭയുടെ സ്വയംശീരഷ്കത്തിന്റെ പ്രതീകമായ സഭാ ഭരണഘടനയുടെ തൊണ്ണൂറാം വാർഷികവും ഒരുമിച്ച് ആഘോഷിക്കുന്ന ഇടവക തലത്തിലുള്ള നവതി ആഘോഷങ്ങൾക്ക് തിരി തെളിയിക്കുവാനും, അതിന്റെ ലോഗോ പ്രകാശനം നടത്തുവാനും സാധിച്ചു. കൂടാതെ ഇടവകയുടെ അടിസ്ഥാന സൗകര്യ വികസനത്തിലേക്ക് കടക്കുവാനും ആവശ്യമായ സഹായ സഹകരണ വാഗ്ദാനങ്ങൾ സ്വീകരിക്കുന്നതിന് തുടക്കംകുറയ്ക്കുവാനും സാധിച്ചു. ലഭിക്കുന്ന പ്രോത്സാഹനങ്ങൾക്ക് നന്ദി അറിയിക്കുന്നു. ഈ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും വാഴ്വുകളും നൽകി അനുഗ്രഹിച്ച അഭി. കൂറിലോസ് തിരുമേനിയോടുള്ള ഭക്തിയും ആദരവുകളും രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ വർഷത്തെ ഹാശാ ആഴ്ച ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുവാനായി എത്തിച്ചേർന്നത് മാവേലിക്കര ഭദ്രാസനാധിപൻ അഭി. അബ്രഹാം മാർ എപ്പിഫാനിയോസ് തിരുമേനിയാണ്. മാർച്ച് ഇരുപത്തിയൊന്ന് മുതൽ ഏപ്രിൽ മൂന്നാം തിയതി വരെ നമ്മുടെ ഇടവകയിൽ ആയിരിക്കുകയും, എല്ലാ ശുശ്രൂഷകൾക്കും അനുഗ്രഹപ്രദമായി നേതൃത്വം നൽകുകയും ചെയ്ത അഭി. തിരുമേനിയോടുള്ള ഭക്തിയും നന്ദിയും കടപ്പാടും ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

ഈ വർഷത്തെ ഹാശാ ആഴ്ച ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയ വിവിധ കമ്മറ്റികളോടും അതിന്റെ കൺവീനർമാരോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. വലിയ നോമ്പിൽ നടത്തപ്പെട്ട മധ്യസ്ഥ പ്രാർത്ഥനകളിലും, സമർപ്പണ പ്രാർത്ഥനകളിലും, ധ്യാന യോഗങ്ങളിലും ഹാശാ ആഴ്ച ശുശ്രൂഷകളിലും ഭക്തിപുരസ്സരം പങ്കെടുത്ത എല്ലാ ഇടവക ജനങ്ങളോടുമുള്ള കൃതജ്ഞത ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

തുടർന്നും ഇടവകയുടെ പ്രവർത്തനങ്ങൾ ഭംഗിയായി നിർവഹിക്കുവൻ ഏവരുടെയും പ്രാർത്ഥനാപൂർണ്ണമായ സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു. ഒരിക്കൽക്കൂടി ഏവർക്കും അനുഗ്രഹപ്രദമായ ഈസ്റ്റർ ആശംസകൾ നേർന്നുകൊണ്ട് നിങ്ങളുടെ ഇടവക ശുശ്രൂഷകർ

## HOLY QURBANA SCHEDULE

| | | |
|---|---|---|
| Friday | April 05, 12, 19(English), 26 | 8:00 AM |
| Saturday | April 13, 27 | 7:00 PM |
| Sunday | April 07, 21 | 7:00 PM |
| Wednesday | April 03, 10, 17, 24 | 7:00 PM |
| Sabro | April 20 | 10:00 AM to 12:00 PM |

## AMOSS

Regular Meeting: Every Thursday after evening prayer

## CATHEDRAL CHOIR

Regular Practice: Every Monday 7:45 PM to 9:30 PM

## DIVYA BODHANAM

Every Monday and Tuesday from 8:00 PM to 9:00 PM

## GAVELS CLUB

Regular Meeting: 12, 26 April 5:00 PM to 6:30 PM

## MARTHA MARIAM VANITHA SAMAJAM

Regular Meeting: On Thursdays at 6:00 PM except first Thursday, will be after evening prayer.

## MGOCSM

Regular Meeting: Every Friday 12:30 PM to 01:30 PM

## SUNDAY SCHOOL

Regular Class: Every Friday 10:30 AM to 12:30 PM

## ST. PAUL'S SUVISHESHA SANGHAM

Regular Meeting: Every Sunday 7:40 PM to 9:00 PM

## ST. THOMAS OCYM

Regular Meeting: Every Saturday 9:00 PM to 10:30 PM

## SENIOR CITIZEN MEETING

Will be announced later

## MEDICAL AUXILIARY FORUM

Regular Meeting: 1st Friday of every month

**Editorial Board**

**Editors :** Biju Varghese, Aji Chacko Parayil

**Design :** Lijo Thuruthel

| | | |
|---|---|---|
| 05-04-2024<br>6.00 pm to 7.00 pm | Sh. Hamad Gafool | **Mr. Noble V Jacob** (Roll No : 1425)<br>Church Balcony, Mob. 39180350 |
| 05-04-2024<br>6.00 pm to 7.00 pm | Church South | **Rachel Mathew** ( Roll No. 225)<br>Flat 13, Bldg. 220,Road 1111,<br>Block 311, Mob. 39776052 |
| 05-04-2024<br>7.30 pm to 9.00 pm | Manama | **Mr. Shibu Philip** ( Roll No. 690)<br>Church Theophilus Hall, Mob. 39800384 |
| 12-04-2024<br>6.00 pm to 7.00 pm | Gudaiya-Hoora | **Mr. Rajan P T**(Roll No. 862)<br>Church Balcony, Mob. 39850680 |
| 12-04-2024<br>7.30 pm to 8.30 pm | Church North | **Mr.Binu Thomas** ( Roll No. 1918)<br>Church Balcony. Mob. 37753449 |
| 12-04-2024<br>6.00 pm to 7.00 pm | Salmabad-Budaiya | **Mr. Justin Geeva Mathew** (Roll No. 2439)<br>Church Theophilus Hall, Mob. 35926374 |
| 12-04-2024<br>7.30 pm to 8.30 pm | Muharraq | **Mr. Bobymon Babukutty** (Roll No.2054)<br>Flat 34, Bldg. 2222,Road 2833,<br>Block 228, Busaiteen, Mob. 38818315 |
| 19-04-2024<br>6.00 pm to 7.00 pm | Adiliya-Umm Al Hassam | **Mr. Anish Daniel** ( Roll No. 1667)<br>Church Theophilus Hall, Mob. 39730237 |
| 19-04-2024<br>6.00 pm to 7.00 pm | Salmaniya | **Mr. Subin K Thomas** ( Roll No. 1384)<br>Church Balcony, Mob. 38340231 |
| 19-04-2024<br>7.30 pm to 8.30 pm | Segaya-Zinj | **Mr. Rajan Abraham** ( Roll No. 252)<br>Villa No. 2613, Road 6261<br>Opp. Al Kindi Hospital. Mob. 39411480 |
| 19-04-2024<br>7.30 pm to 8.30 pm | Khamis-Sehla | **Mr. Jojan Modiyil Thomas** (Roll No. 1902)<br>House No. 1356,Road 5641,Block 0356,<br>Kanoo Garden , Salihiya, Mob. 38871624 |
| 26-04-2024<br>5 pm | Riffa | **Mr. Thomas V Panicker** (Roll No. 2851)<br>Flat 12,Bldg. 401,Road 117,Block 901,<br>Alhunayniya, Riffa, Mob.34453651 |
| 26-04-2024<br>5.00 pm to 6.00 pm | ISA Town- Tubli | **Mr. Renji David** (Roll No. 544)<br>Flat 22, Bldg. 513,Road 1111,<br>Block 711,Tubli. Mob. 39123042 |



15TH DEATH ANNIVERSARY

**Mathew Thomas**
Kochukoikkal House
Muttom P.O, Haripad

*With Loving Memories:*
Rachel Mathew, Christina Sosa Mathew
Crony Thomas Mathew, Krupa Elsa Mathew

In Ever Loving Memory of Our Beloved Mother



11TH DEATH ANNIVERSARY

**Mariamma George**
Sherly Bhavan, Cheppara, Kottarakara.
(Entered to Eternal rest on 18-04-2013)

*With Loving Memories*
Y. Geroge, Sherly Saji & Family
Shaji George & Family, Sabu George & Family